പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** 07-07-2015 ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.ശിവദാസൻ നായർ**<br>**ശ്രീ.സി.പി.മുഹമ്മദ്**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.എം.എ. വാഹിദ്** | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനരീതിയും വ്യക്തമാക്കുമോ; | (എ) & (ബി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള ശ്രമത്തിൻെറ ഭാഗമായി ഓരോ സ്ഥാപനത്തിൻെറയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം തന്നെ ഏകദേശം 718.50 കോടി രൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി പൊതുമേഖലാസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.<br><br>ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി ബഡ്ജറ്റിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിക്കൽ, പ്രത്യേക ധനസഹായ പാക്കേജുകൾ അനുവദിച്ച് മനേജ്മെൻറ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തനനിരീക്ഷണ സംവിധാനങ്ങൾ കൂടുതൽ ഏകോപിപ്പിച്ചുകൊണ്ടും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഇതോടൊപ്പം തന്നെ സർക്കാർ തലത്തിൽ റിയാബ് മുഖേന ഇവയുടെ പ്രവർത്തനം കർശനമായി അവലോകനം നടത്തുകയും ചെയ്തുവരുന്നു |

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഉൽപ്പാദനത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(സി) & (ഡി) പൊതുമേഖലാസ്ഥാപനങ്ങളുടെ നഷ്ടത്തിന്റെ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തി, സർക്കാർ ധനസഹായത്തോടെ, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പാക്കി കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യമിടുന്നത്. ഇതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടുതൽ ഉൽപാദനവും, വിറ്റുവരവും നേടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അതാത് സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് ദീർഘകാല കരാറുകൾ നടപ്പിലാക്കി ശമ്പള പരിഷ്കരണമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നു. കൂടാതെ ഓണത്തിന് ഉയർന്ന നിരക്കിലുള്ള ബോണസും ഉൽപാദനത്തെ ബന്ധപ്പെട്ടുത്തി ഇൻസെന്റീവും നൽകിവരുന്നു.

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

സംസ്ഥാനത്തെ വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മാസംതോറും അവലോകനം ചെയ്യുന്നതിനായി പ്രത്യേക അവലോകന സംവിധാനം പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. റിയാബിൻെറ അവലോകന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും റിയാബ് നേരിട്ടും, മൂന്ന് മാസത്തിലൊരിക്കലും അർദ്ധവാർഷികമായും ബഹു.വ്യവസായവകുപ്പ് മന്ത്രിയുടെയും വകുപ്പ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ പ്രത്യേക അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ യഥാർത്ഥ ലാഭ നഷ്ടം അറിയുന്നതിനുവേണ്ടി കണക്കുകൾ പൂർത്തീകരിച്ച് ആഡിറ്റുകൾ യഥാസമയം നടത്തുന്നതിൻെറ പുരോഗതിയും വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ വിവിധ സഹായങ്ങൾ സർക്കാർ നൽകിവരുന്നുണ്ട്.

ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തകർച്ച നേരിടുന്നില്ല. എന്നാൽ അനാരോഗ്യപരമായ ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിൻെറ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. എന്നിരുന്നാലും മികവുറ്റ ഉൽപ്പാദനസംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ആഗോളതലത്തിലുള്ള വ്യവസായമാന്ദ്യം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായവകുപ്പിനു കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ കാഴ്ചവെച്ചിട്ടുള്ളത്. വ്യവസായവകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്കും സംരക്ഷണത്തിനും സർക്കാർ പ്രഥമ പരിഗണനയാണ് നൽകിയിരിക്കുന്നത്. പ്രവർത്തനം മോശമായ പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടി രൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊതുമേഖലാസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിനു കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി പൂത്തിയാകുന്നത് RIAB മുഖേന വ്യവസായ

വകുപ്പ് മോണിറ്റർ ചെയ്തുവരുന്നു. കമ്പനികളിലെ ഇൻേറണൽ ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി ചാർട്ടേഡ് അക്കൗണ്ടൻറ്സിൻെറ വ്യവസായ വകുപ്പ് അംഗീകരിച്ച പാനലിൽ നിന്നുമാത്രമേ ഇൻേറണൽ ആഡിറ്റേഴ്സിനെ നിയമിക്കാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളിൽ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) ൻെറ ഓഫീസ് മുഖേന നടത്തുന്ന കമേഴ്സ്യൽ ആഡിറ്റ് സംവിധാനം നിലവിലുണ്ട്. കൂടാതെ വകുപ്പുതലത്തിലും, ധനകാര്യ വകുപ്പിൻെറ പരിശോധനാ വിഭാഗം മുഖേനയും പരിശോധനകൾ നടത്താറുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും ചെലവ് ചുരുക്കുന്നതിൻെറയും ഭാഗമായി "ഇ-പേയ്മെൻറ്" സംവിധാനത്തോടു കൂടിയുള്ള "ഇ-പ്രൊക്യൂർമെൻറ്" നടപ്പിലാക്കിയിട്ടുണ്ട്.

വ്യവസായ വകുപ്പിൻെറ അധീനതയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പ്രവർത്തനം കൃത്യമായി സംയോജിപ്പിച്ച് മെച്ചപ്പെടുത്തുന്നതിനായി കെൽട്രോണിൻെറ സഹായത്തോടെ വ്യവസായ വകുപ്പിൻെറ ഇൻറർനെറ്റ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ കൈമാറുന്നതിനുള്ള ഒരു സംവിധാനവും (MIS portal) നിലവിലുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുന്നതിനും കണക്കുകൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനുമായി എൻറർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു. ഇതിൻെറ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം [Monthly Monitoring System] ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മാനേജ്മെൻറ് സംവിധാനം കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമായി നടത്തുന്നതിൻെറ ഭാഗമായി മാനേജീരിയൽ കാറ്റഗറിയിലും കരാറടിസ്ഥാനത്തിലും ഉൾപ്പെടെയുള്ള എല്ലാ നിയമനങ്ങളും RIAB-ൻെറ മേൽനോട്ടത്തിൽ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.